## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 752 30/01/2019-ൽ മറുപടിയ്ക്ക്**

### മൈക്രോ പ്ലാനുകൾ മുഖേന ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ് : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഒറ്റപ്പെട്ട സ്ഥലങ്ങളിലെ വീടുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മൈക്രോ പ്ലാനുകളുണ്ടാക്കി ധനസഹായം നൽകുന്ന പദ്ധതി വിശദമാക്കുമോ; | (എ) | ഒറ്റപ്പെട്ട സ്ഥലങ്ങളിലെ വീടുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് പി. കെ. കാളൻ കുടുംബ സഹായ പദ്ധതി. ഈ പദ്ധതിപ്രകാരം പട്ടികവർഗ്ഗവിഭാഗത്തിൽപെട്ട കോളനികളിലല്ലാതെ ചിന്നിചിതറി കിടക്കുന്ന കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നേരിട്ട് മനസ്സിലാക്കി മൈക്രോ പ്ലാനുകൾ തയ്യാറാക്കുകയാണ് ചെയ്യുന്നത്. ഇതിൽ ഓരോ കുടുംബത്തിനും വരുന്ന പ്രധാന ആവശ്യങ്ങളെ മുൻഗണന അടിസ്ഥാനത്തിൽ പൂർത്തീകരിച്ചു നൽകുന്ന രീതിയിലാണ് പദ്ധതി പ്രവർത്തനങ്ങൾ വിഭാവനംചെയ്തിട്ടുള്ളത്. പരമാവധി നിലവിലുള്ള സ്കീമുകളെ സംയോജിപ്പിക്കുന്ന സമീപനമാണ് ഈ മൈക്രോപ്ലാനുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കിയത് മൂലം പ്രസ്തുത വിഭാഗക്കാർക്ക് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്; | (ബി) | ഈ പദ്ധതി നടപ്പിലാക്കിയത് മൂലം ആലപ്പുഴ നിയോജക മണ്ഡലത്തിലെ 53 വീടുകളുടെ മെയിന്റനൻസ് വർക്ക് പൂർത്തീകരിച്ചു. പുതിയ വീടുകളുടെ നിർമ്മാണം, ടോയ് ലറ്റ് നിർമ്മാണം എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ അംഗത്വമില്ലാതിരുന്ന അംഗങ്ങളെ ഉൾപ്പെടുത്തി എസ്.ടി സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു ആരോഗ്യ ഇൻഷ്വറൻസ് ഇല്ലാത്ത 45 കുടുംബങ്ങൾ ഉണ്ടായിരുന്നതിൽ 36 പേർക്ക് ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ലഭിച്ചു തൊഴിൽ കാർഡ് ഇല്ലാത്ത 73 കുടുംബങ്ങൾ ഉണ്ടായിരുന്നതിൽ 62 പേർക്ക് തൊഴിൽ കാർഡ് ലഭിച്ചു വനിതകൾക്കായി കയർ, തടുക്ക് നിർമ്മാണ പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കി തൊഴിൽ ചെയ്യുന്നവർക്ക് ദിവസേന 300 രൂപ നിരക്കിൽ മാസാവസാനം തുക ബാങ്ക് അക്കൗണ്ട് വഴി നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി പ്രകാരമുള്ള മൈക്രോ പ്ലാനുകൾ ആവിഷ്കരിക്കുന്നത് എപ്രകാരമാണ്; 2018-19-ൽ ഈ പദ്ധതി പ്രകാരം അനുവദിച്ച തുകയെത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | താഴെപറയുന്ന രീതികളാണ് സൂക്ഷ്മപദ്ധതി രൂപീകരണത്തിനായി അവലംബിക്കുന്നത്.<br>• പദ്ധതിയിൽ പങ്കാളികളാകുന്ന വിവിധ വകുപ്പുകളുടെ പ്രതിനിധികൾ ചേർന്ന് പി.കെ.കാളൻ സൂക്ഷ്മപദ്ധതി ചർച്ച ചെയ്യൽ പഠനം<br>• കുടുംബങ്ങളെ കണ്ടെത്തൽ പ്രക്രിയ<br>• കുടുംബ പഠനത്തിനുള്ള മാർഗങ്ങളും പഠന സാമഗ്രികളും പഠന സമയവും തീരുമാനിക്കൽ<br>• വിവര ശേഖരണ പരിശീലനം, വിവര ശേഖരണം, സൂക്ഷ്മപദ്ധതി രൂപീകരണം<br>• വിവിധ വകുപ്പുകളുമായും തദ്ദേശ ഭരണ സ്ഥാപന പ്രതിനിധികളുമായും ആദിവാസി കുടുംബങ്ങളുമായും ചർച്ച ചെയ്ത് പദ്ധതി അന്തിമ മാക്കുക<br>• പഞ്ചായത്ത്തല പദ്ധതി വിശദീകരണം<br>• പദ്ധതി നടപ്പാക്കൽ<br>ആലപ്പുഴയിൽ 5.06 കോടി രൂപയുടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതിൽ നാളിതുവരെ 1.68 കോടി രൂപയും മലമ്പുഴയിൽ 1.54 കോടി രൂപയുടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതിൽ നാളിതുവരെ 4.3 ലക്ഷം രൂപയും ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ